# ശ്രീപത്മനാഭ സ്വാമി ക്ഷേത്രം പുരാവൃത്തം

**പ്രഫ. ദേശികം രഘുനാഥൻ**

ശ്രീപത്മനാഭസ്വാമി വഞ്ചിരാജവംശത്തിന്റെ കുലദൈവമാണ്. നൂറ്റാണ്ടുകളായി ഭാരതത്തിനകത്തും പുറത്തുമുള്ള ഭക്തന്മാർ അനന്തശയന ദർശനം കൊതിക്കുകയും അതു ജന്മസാഫല്യമായി കണക്കാക്കുകയും ചെയ്തുപോരുന്നു. ശ്രീപത്മനാഭസ്വാമിയുടെ കാണപ്പെട്ട പ്രതിനിധിയായിട്ടാണ് തിരുവിതാംകൂറിലെ രാജാക്കന്മാരെ കരുതിപ്പോന്നത്. അതുകൊണ്ടാണ് ഇവിടുത്തെ രാജാവിനെ വഞ്ചീശനായും വഞ്ചീശനെ സ്തുതിച്ചുകൊണ്ടുള്ള കൃതികൾ ഉണ്ടാകാനും കാരണം.

പത്മനാഭസ്വാമിക്ഷേത്രത്തിലെ മതിലകം ഗ്രന്ഥവരി പ്രകാരം ഒരു തുളു സന്യാസിയായ ദിവാകര മുനി കലിയുഗ ആരംഭം തുടങ്ങി 95–ാം ദിവസം സ്ഥാപിച്ചതാണ് ശ്രീപത്മനാഭസ്വാമി ക്ഷേത്രം. അനന്തശയന മാഹാത്മ്യം എന്ന സംസ്കൃത ഗ്രന്ഥത്തിലും പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ഉൽപ്പത്തിയെക്കുറിച്ച് ഇതു തന്നെയാണ് പറഞ്ഞിരിക്കുന്നത്.

അനന്തശയന മാഹാത്മ്യം എന്ന ഗ്രന്ഥത്തിലെ ചില ഭാഗം മലയാളത്തിലാക്കിയത് ഇവിടെ കുറിക്കുന്നു. “ഭക്താഗ്രേസരനായ ദിവാകരമുനി വിഷ്ണുപദം പ്രാപിക്കുന്നതിനായി കഠിന തപസു നടത്തിവന്നു. ആ യോഗിവര്യന്റെ ഭക്തിയിൽ സന്തുഷ്ടനായ മഹാവിഷ്ണു ഒരു ചെറു കുമാരന്റെ രൂപത്തിൽ ദിവാകര മുനിയുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. എന്നാൽ കുസൃതിയായ ഈ ബാലൻ പെട്ടെന്നു ദിവാകര മുനിയുടെ മുമ്പിൽ നിന്നും അപ്രത്യക്ഷനായി. വിഷ്ണുകുമാരൻ മറഞ്ഞതിൽ മനംനൊന്ത ദിവാകര മുനി വിഷ്ണു കുമാരനെ കാണാൻ ആ തേജസു പോയ വഴിയെ നടന്നു. നടന്നു തളർന്ന് ഒടുവിൽ ഇന്നത്തെ തിരുവനന്തപുരത്തെ അനന്തൻകാട്ടിൽ വന്നെത്തി. തളർന്നവശനായ ദിവാകരമുനിയുടെ മുൻപിൽ വീണ്ടും വിഷ്ണുകുമാരൻ പ്രത്യക്ഷപ്പെട്ടു. കണ്ടു കൊതിതീരും മുൻപ് വീണ്ടും ഉണ്ണി ഒരു മരത്തിനുള്ളിൽ ഒളിച്ചു. വീണ്ടും മഹാവിഷ്ണുവിനെ കാണാൻ തപസു ചെയ്ത ദിവാകര മുനിയുടെ മുൻപിൽ വർഷങ്ങൾക്കുശേഷം വിഷ്ണുകുമാരൻ അനന്തശായിയായി (അനന്തശയനായി) പ്രത്യക്ഷപ്പെട്ടു.

**അനന്തപത്മനാഭദർശനം**

അനന്തപത്മനാഭന്റെ തല തിരുവനന്തപുരത്തുനിന്നു നാലു മൈൽ തെക്കുള്ള ഇന്ന് പരശുരാമസ്വാമി ക്ഷേത്രം നിലകൊള്ളുന്ന തിരുവല്ലത്തും ശ്രീപത്മനാഭന്റെ തൃപ്പാദം തൃപ്പാപ്പൂരും (തിരുവനന്തപുരത്തുനിന്നും 8 മൈൽ വടക്കുള്ള തൃപ്പാദപുരത്തും) കാണപ്പെട്ടു. ബാക്കിഭാഗം ഇതിനിടയിലും കാണപ്പെട്ടു. ഭഗവൽ സ്വരൂപം മുഴുവൻ ഒറ്റനോട്ടത്തിൽ കാണാൻ കഴിയാത്തതുകൊണ്ട് തന്റെ കൈവശമുള്ള പവിത്രദണ്ഡിന്റെ മൂന്നിരട്ടി നീളം മാത്രമായി ഭഗവാൻ ദർശനം നൽകണമെന്ന് ദിവാകരയോഗി ഭഗവാനോട് പ്രാർഥിച്ചു. ആ പ്രാർഥന പത്മനാഭൻ സ്വീകരിച്ച് ദിവാകര യോഗിയുടെ ദിവ്യദണ്ഡിന്റെ മൂന്നിരട്ടി വലിപ്പത്തിൽ നിലകൊണ്ടു.

**ദിവാകരമുനിയുടെ പൂജ**

ദിവ്യമായ ശ്രീപത്മനാഭ രൂപത്തെ ഭക്തപരവശനായ ദിവാകരമുനി നമസ്കരിച്ച് പൂജ നടത്തി. ഭഗവാനു നിവേദിക്കുന്നതിനായി ഏതാനും പച്ചമാങ്ങയും നിവേദ്യപാത്രമായി ഒരു ചിരട്ടയും മാത്രമാണ് അപ്പോൾ ദിവാകരമുനിയുടെ കയ്യിലുണ്ടായിരുന്നത്. മുനി അതു വച്ചു ഭഗവാനെ പൂജിച്ചു. ഇപ്പോഴും ശ്രീപത്മനാഭ സ്വാമിക്കുള്ള നിവേദ്യങ്ങളുടെ കൂട്ടത്തിൽ മാങ്ങയ്ക്കു പ്രത്യേകം പ്രാധാന്യമാണുള്ളത്. എന്നു മാത്രവുമല്ല ദിവാകരമുനിയുടെ ചിരട്ട തന്നെയാണ് സ്വർണത്തകിട് പൊതിഞ്ഞ് ഇപ്പോഴും നിവേദ്യപാത്രമായി

ഉപയോഗിച്ചുവരുന്നത്. ചുരുക്കത്തിൽ ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ പഴക്കം കലിയുഗ ആരംഭത്തോളം നീണ്ടുനിൽക്കുന്നതാണ്.

**ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ ആരാധനാ മൂർത്തികൾ**

ക്ഷേത്രത്തിലെ പ്രധാന ദേവൻ ശ്രീപത്മനാഭസ്വാമി തന്നെയാണ്. ശയനസ്ഥിതിയിലാണ് ശ്രീപത്മനാഭന്റെ പ്രതിഷ്ഠ. മൂന്നു വാതിലുകളിൽ കൂടി നോക്കിയാൽ മാത്രമേ പത്മനാഭന്റെ പൂർണരൂപം കാണാൻ കഴിയുകയുള്ളൂ. വലതു കൈ ചിന്മുദ്രയോടു കൂടി അനന്തതൽപത്തിനു സമീപം നീട്ടിത്തൂക്കിയിരിക്കുന്നു. കൈക്കു താഴെയായി ഒരു ശിവലിംഗവുമുണ്ട്. അനന്തന്റെ പത്തികൊണ്ട് മൂർദ്ധാവ് മൂടിയിരിക്കുന്നു. ശ്രീപത്മനാഭന്റെ നാഭിയിൽ നിന്നും പുറപ്പെടുന്ന താമരയിൽ ചതുർമുഖനായ ബ്രഹ്മാവിന്റെ രൂപം കാണാം. സനകസനന്ദനസനൽകുമാരാദികളായ മഹർഷിമാർ ശ്രീപത്മനാഭന്റെ സമീപത്ത് ആരാധന നടത്തി നിൽക്കുന്നു. അനന്തശായിയായ ഭഗവാന്റെ മാറിടത്തിനെതിരെയായി ശ്രീഭഗവതിയെയും അൽപം അകലെയായി ഭൂമിദേവിയെയും പ്രതിഷ്ഠിച്ചിരിക്കുന്നു. ശ്രീഭഗവതിയുടെയും ഭൂമിദേവിയുടെയും സമീപം കൗണ്ഡില്യ ദിവാകര മഹർഷിമാരെ പ്രതിഷ്ഠിച്ചിട്ടുണ്ട്.

**ശ്രീപത്മനാഭപ്രതിഷ്ഠയുടെ പ്രത്യേകത**

ശ്രീപത്മനാഭന്റെ വിഗ്രഹം കടുശർക്കര കൊണ്ട് നിർമിച്ചിട്ടുള്ളതും ഗണ്ഡകീനദിയിൽ നിന്നും കൊണ്ടുവന്ന പന്തീരായിരം സാളഗ്രാമം കൊണ്ടു നിറച്ചിട്ടുള്ളതുമാണ്. വിലമതിക്കാനാവാത്ത അസുലഭങ്ങളായ സ്വർണത്തകിടുകൊണ്ട് ശ്രീപത്മനാഭവിഗ്രഹം പൊതിഞ്ഞിരിക്കുന്നു.അനന്തപത്മനാഭന്റെ മുൻഭാഗത്ത് ലക്ഷ്മീദേവിയുടെയും ഭൂമിദേവിയുടെയും മധ്യത്തിലായി ചതുർബാഹുവായ വിഷ്ണുവിന്റെ അർച്ചനാവിഗ്രഹം കാണാം. ഇതിനും പുറമേ വിധിയാംവണ്ണം സ്ഥാപിച്ചിട്ടുള്ള സാളഗ്രാമവും ഒരു ശിവലിംഗവുമുണ്ട്.

ശ്രീകോവിലിന്റെ മുഖമണ്ഡപത്തിലേക്ക് മൂന്നു വാതിലുകൾ ഉണ്ട്. മുഖമണ്ഡപം ഒറ്റക്കൽമണ്ഡപമാണ്. മുഖമണ്ഡപത്തിനു മുൻവശത്തുള്ള മുറിയിൽ ശ്രീരാമൻ, സീത, ലക്ഷ്മണൻ ഇവരുടെ വിഗ്രഹങ്ങൾ കാണാം. അവരുടെ മുന്നിൽ ഹനുമാനുണ്ട്. കൂടാതെ വെളിയിലുള്ള ഒരു ഗണപതി വിഗ്രഹവും അവിടെ കാണാം. തെക്കേവാതിൽ വഴി ഇറങ്ങുന്നിടത്ത് നരസിംഹമൂർത്തിയുടെ പ്രതിഷ്ഠയുണ്ട്. വടക്കേ നാലമ്പലത്തിൽ വേദവ്യാസ ക്ഷേത്രമുണ്ട്. ഇവിടെ വ്യാസനും അശ്വത്ഥാമാവുമാണ് ദേവന്മാർ. കിഴക്കേ നടയിൽ കൂടി വരുമ്പോൾ ധ്വജമണ്ഡപത്തിലെ കരിങ്കൽത്തൂണിൽ കൊത്തിയിട്ടുള്ള ശ്രീഹനുമാന്റെ വിഗ്രഹം കാണാം. തെക്കേ ശ്രീബലിപ്പുരയ്ക്കു തെക്കുഭാഗത്തായിട്ടാണു ഭദ്രദീപപ്പുര. 919ൽ മാർത്താണ്ഡവർമയാണ് ഭദ്രദീപ പ്രതിഷ്ഠ നടത്തിച്ചത്. തെക്കേ ശ്രീബലിപ്പുരയുടെ പടിഞ്ഞാറു ഭാഗത്ത് ശാസ്താവിന്റെ ദേവാലയം കാണാം. വിളക്കുമാടത്തിനു പടിഞ്ഞാറുവശത്തു കൂടി വടക്കോട്ടു പോകുമ്പോൾ പാർത്ഥസാരഥി ഭാവത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള തിരുവമ്പാടി ശ്രീകൃഷ്ണനെ കാണാം. ഈ കൃഷ്ണന് പത്മനാഭസ്വാമിയെക്കാൾ പഴക്കമുണ്ടെന്നാണ് വിശ്വാസം. ഇതിന്റെ കിഴക്കായി ക്ഷേത്രപാലന്റെ ഉപദേവാലയം കാണാം.

**NB :**ഈ ലേഖനത്തിന് ആധാരം മതിലകം രേഖകളെക്കുറിച്ചുള്ള ആധികാരിക പരാമർശങ്ങളും തിരുവിതാംകൂർ സർക്കാരിന്റെ ഗസറ്റ് റിക്കാർഡുകളുമാണ്.

Address:
**Prof. Desikom Reghunadhan**

Desikom
Near Sastha Temple, Arasuparambu,,

Nedumangad, Trivandrum  695541, Ph: 04722801155